**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1755** **05-07-2022 - ൽ മറുപടിയ്ക്ക്**

**വട്ടിയൂർക്കാവ് മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | വട്ടിയൂർക്കാവ് മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ എന്നിവ മുഖാന്തരവും നടപ്പാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച തൽസ്ഥിതി റിപ്പോർട്ട് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സാമൂഹ്യ നീതി വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ എന്നിവ മുഖാന്തരവും നടപ്പാക്കിവരുന്ന പദ്ധതികളും പ്രവർത്തനങ്ങളും നിയോജക മണ്ഡലം തിരിച്ച് നടപ്പിലാക്കുന്നവയല്ല. എല്ലാ പദ്ധതികളും ജില്ലാ തലത്തിൽ നടപ്പിലാക്കുന്നവയാണ്. |
| (ബി) | 2019-20, 2020-21, 2021-22, 2022-23 സംസ്ഥാന ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിട്ടുള്ളതും സാമൂഹ്യനീതി വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ എന്നിവ മുഖാന്തരവും നടപ്പിലാക്കേണ്ട വട്ടിയൂർക്കാവ് മണ്ഡലത്തിൽ ഉൾപ്പെടുന്ന പദ്ധതികൾ ഏതൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ; | (ബി) | വട്ടിയൂർക്കാവ് മണ്ഡലത്തിൽ തിരുവനന്തപുരം മ്യൂസിയം കോമ്പൗണ്ടിൽ ബാരിയർ ഫ്രീ സെൻസറി ഗാർഡൻ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പാക്കി വരുന്ന ബാരിയർ ഫ്രീ കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച് പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ബൗദ്ധിക വെല്ലുവിളി നേരിടുന്നവർക്ക് വിനോദത്തിനും ഇന്ദ്രിയ വികാസത്തിനും ഉതകുന്ന പൊതു ഇടങ്ങൾ സൃഷ്ടിക്കുക, അതിലൂടെ പൊതു ഇടങ്ങളിലും, നിരത്തുകളിലും ഇവർക്ക് ആയാസരഹിതമായ സഞ്ചാരത്തിനും പ്രവേശനത്തിനും തുല്യമായ അവകാശം ലഭ്യമാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന ബാരിയർ ഫ്രീ കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ബാരിയർ ഫ്രീ പാർക്ക് സെൻസറി ഗാർഡൻ നിർമ്മിച്ചിട്ടുള്ളത്. പൊതു പാർക്കുകൾ ബാരിയർ ഫ്രീ ആക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നതിന്റെ ഭാഗമായാണ് തിരുവനന്തപുരം മ്യൂസിയം കോമ്പൗണ്ടിൽ ഭിന്നശേഷി സൗഹൃദ ബാരിയർ ഫ്രീ പാർക്ക് നിർമ്മിച്ചിട്ടുള്ളത്. ടി പാർക്ക് നിർമ്മിക്കുന്നതിനായി 2019-20 വർഷത്തിൽ 30 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും തിരുവനന്തപുരം കോസ്റ്റ് ഫോർഡുമായി നിർമ്മാണ കരാർ ഒപ്പ് വയ്ക്കുകയും നിർമ്മാണം 2022 – ൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വകുപ്പിന് കീഴിലുള്ള മിഷനുകൾ, ഏജൻസികൾ എന്നിവ |

| | | | |
|---|---|---|---|
| | | | മുഖാന്തരം വട്ടിയൂർക്കാവ് മണ്ഡലം ഉൾപ്പെടെ സംസ്ഥാനമൊട്ടാകെ നടപ്പാക്കിവരുന്ന പദ്ധതികൾ **അനുബന്ധം** ആയി ചേർക്കുന്നു. |
| (സി) | വട്ടിയൂർക്കാവ് മണ്ഡലത്തിൽ 2021 ഏപ്രിൽ മാസത്തിന് ശേഷം സാമൂഹ്യനീതി വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ എന്നിവ മുഖാന്തിരവും പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ (ഫണ്ട്, ഭരണാനുമതി തുക, എസ്റ്റിമേറ്റ് തുക, ചെലവഴിച്ച തുക എന്നിവ ഉൾപ്പെടെ) ലഭ്യമാക്കാമോ? | (സി) | വട്ടിയൂർക്കാവ് മണ്ഡലത്തിൽ തിരുവനന്തപുരം മ്യൂസിയം കോമ്പൗണ്ടിൽ ബാരിയർ ഫ്രീ സെൻസറി ഗാർഡൻ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പാക്കി വരുന്ന ബാരിയർ ഫ്രീ കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച് പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ബൗദ്ധിക വെല്ലുവിളി നേരിടുന്നവർക്ക് വിനോദത്തിനും ഇന്ദ്രിയ വികാസത്തിനും ഉതകുന്ന പൊതു ഇടങ്ങൾ സൃഷ്ടിക്കുക, അതിലൂടെ പൊതു ഇടങ്ങളിലും, നിരത്തുകളിലും ഇവർക്ക് ആയാസരഹിതമായ സഞ്ചാരത്തിനും പ്രവേശനത്തിനും തുല്യമായ അവകാശം ലഭ്യമാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന ബാരിയർ ഫ്രീ കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ബാരിയർ ഫ്രീ പാർക്ക് സെൻസറി ഗാർഡൻ നിർമ്മിച്ചിട്ടുള്ളത്. പൊതു പാർക്കുകൾ ബാരിയർ ഫ്രീ ആക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നതിന്റെ ഭാഗമായാണ് തിരുവനന്തപുരം മ്യൂസിയം കോമ്പൗണ്ടിൽ ഭിന്നശേഷി സൗഹൃദ ബാരിയർ ഫ്രീ പാർക്ക് നിർമ്മിച്ചിട്ടുള്ളത്. ടി പാർക്ക് നിർമ്മിക്കുന്നതിനായി 2019-20 വർഷത്തിൽ 30 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും തിരുവനന്തപുരം കോസ്റ്റ് ഫോർഡുമായി നിർമ്മാണ കരാർ ഒപ്പ് വയ്ക്കുകയും നിർമ്മാണം 2022 – ൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വകുപ്പിന് കീഴിലുള്ള മിഷനുകൾ, ഏജൻസികൾ എന്നിവ മുഖാന്തരം വട്ടിയൂർക്കാവ് മണ്ഡലം ഉൾപ്പെടെ സംസ്ഥാനമൊട്ടാകെ നടപ്പാക്കിവരുന്ന പദ്ധതികൾ **അനുബന്ധം** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## എ. വട്ടിയൂർക്കാവ് മണ്ഡലത്തിൽ സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കി വരുന്ന പദ്ധതികൾ

കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ചുവടെ പറയുന്ന ക്ഷേമ പദ്ധതികൾ നടപ്പിലാക്കി വരുന്നു:-

1. ക്യാൻസർ സുരക്ഷാ പദ്ധതി
2. താലോലം പദ്ധതി
3. ആശ്വാസകിരണം പദ്ധതി
4. സ്നേഹസാന്ത്വനം പദ്ധതി
5. സ്നേഹസ്പർശം പദ്ധതി
6. വയോമിത്രം പദ്ധതി
7. ശ്രുതിതരംഗം പദ്ധതി
8. സ്നേഹപൂർവ്വം പദ്ധതി
9. വീകെയർ പദ്ധതി
10. സമാശ്വാസം പദ്ധതി
11. ജുവനൈൽ ഡയബറ്റീസ് ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യ സഹായ പദ്ധതി (മിഠായി)
12. വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പിലൂടെ വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും തൽസമയം വിതരണം ചെയ്യുന്ന പദ്ധതി
13. പ്രതിരോധം, പ്രാരംഭ നിർണ്ണയം, കണ്ടെത്തൽ, രക്തസംബന്ധമായ നാഡീവ്യൂഹ സംബന്ധമായതുമായ വൈകല്യങ്ങളുടെ നിയന്ത്രണം.
14. ഡിസ്ട്രിക്റ്റ് ഏർളി ഇൻററവെൻഷൻ സെൻറർ
15. യൂണിവേസൽ ഹിയറിംഗ് സ്ക്രീനിംഗ് പ്രോഗ്രാം
16. പ്രോഗ്രാം ഫോർ ദ റീഹാബിലിറ്റേഷൻ ഓഫ് ചിൽഡ്രൻ വിത്ത് ഓട്ടിസം സ്പെക്ട്രം
17. ട്രെയിനിംഗ്, വർക്ക്ഷോപ്പ്സ്, റിസർച്ച് ആന്റ് ന്യൂ ഇൻഷ്യേറ്റീവ്സ്
18. അസിസ്റ്റീവ് സൊല്യൂഷ്യൻസ് ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് എമംങ്ങ് ഫ്ളഡ് വിക്റ്റിംസ്
19. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻറ് റീഹാബിലിറ്റേഷൻ.

മേൽ സൂചിപ്പിച്ച പദ്ധതികളിൽ സ്നേഹസാന്ത്വനം പദ്ധതി (കാസർഗോഡ് ജില്ലയിൽ മാത്രം), ഒഴികെയുള്ള എല്ലാ പദ്ധതികളും സംസ്ഥാനം ഒട്ടാകെ നടപ്പിലാക്കുന്നവയാണ്. ടി പദ്ധതി സഹായങ്ങൾ വട്ടിയൂർകാവ് മണ്ഡലത്തിലെ ഗുണഭോക്താക്കൾക്കും ലഭ്യമാണ്. നിയമസഭാമണ്ഡലങ്ങൾ തിരിച്ചുള്ള കണക്കുകൾ തിട്ടപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതാണ്. ടി പദ്ധതികളുടെ തൽസ്ഥിതി റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | നടപ്പ് വർഷത്തെ ബജറ്റ് വിഹിതം |
|---|---|---|
| 1 | ക്യാൻസർ സുരക്ഷാ പദ്ധതി | 440 ലക്ഷം |
| 2 | താലോലം പദ്ധതി | 700 ലക്ഷം |
| 3 | ആശ്വാസകിരണം പദ്ധതി | 4250 ലക്ഷം |

| | | |
|---|---|---|
| | | |
| 4 | സ്നേഹസാന്ത്വനം പദ്ധതി | 1700 ലക്ഷം |
| 5 | സ്നേഹസ്പർശം പദ്ധതി | 200 ലക്ഷം |
| 6 | വയോമിത്രം പദ്ധതി | 2750 ലക്ഷം |
| 7 | ശ്രുതിതരംഗം പദ്ധതി | 800 ലക്ഷം |
| 8 | സ്നേഹപൂർവ്വം പദ്ധതി | 1700 ലക്ഷം |
| 9 | വീ കെയർ പദ്ധതി | 100 ലക്ഷം |
| 10 | ജുവനൈൽ ഡയബറ്റീസ് ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യ സഹായ പദ്ധതി (മിഠായി) | 380 ലക്ഷം |
| 11 | സമാശ്വാസം പദ്ധതി | 600 ലക്ഷം |
| 12 | പ്രതിരോധം, പ്രാരംഭ നിർണ്ണയം, കണ്ടെത്തൽ, രക്തസംബന്ധമായ നാഡീവ്യൂഹ സംബന്ധമായതുമായ വൈകല്യങ്ങളുടെ നിയന്ത്രണം | 100 ലക്ഷം |
| 13 | വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പിലൂടെ വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും തൽസമയം വിതരണം ചെയ്യുന്ന പദ്ധതി | 100 ലക്ഷം |
| 14 | ഡിസ്ട്രിക്ട് ഏർളി ഇൻററവെൻഷൻ സെൻറർ | 1300 ലക്ഷം |
| 15 | യൂണിവേസൽ ഹിയറിംഗ് സ്ക്രീനിംഗ് പ്രോഗ്രാം | 250 ലക്ഷം |
| 16 | പ്രോഗ്രാം ഫോർ ദ റീഹാബിലിറ്റേഷൻ ഓഫ് ചിൽഡ്രൻ വിത്ത് ഓട്ടിസം സ്പെക്ട്രം | 400 ലക്ഷം |
| 17 | ട്രെയിനിംഗ്, വർക്ക്ഷോപ്പ്സ്, റിസെർച്ച് ആൻറ ന്യൂ ഇൻഷ്യേറ്റീവ്സ് | 200 ലക്ഷം |
| 18 | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻറ് റീഹാബിലിറ്റേഷൻ. | 1000 ലക്ഷം |
| 19 | അസിസ്റ്റീവ് സൊല്യൂഷ്യൻസ് ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് എമംങ്ങ് ഫ്ളഡ് വിക്റ്റിംസ് | 50 ലക്ഷം |

വട്ടിയൂർക്കാവ് മണ്ഡലത്തിലെ പേരൂർക്കട ജില്ലാ മാതൃക ഹോസ്പിറ്റലിൽ കേരള സാമൂഹ്യ സുരക്ഷാമിഷൻ – സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റിസ് മുഖേന നവജാത ശിശുക്കളുടെ ശ്രവണ ശക്തി സ്ക്രീനിംഗിനുള്ള സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പേരൂർക്കട സർക്കാർ മാനസികാരോഗ്യ

കേന്ദ്രത്തിൽ ചികിത്സയിൽ കഴിയുന്നവരുടെ കുടുംബാംഗങ്ങളെക്കൂടി ഹ്രസ്വകാലയളവിൽ അവരോടൊപ്പം നിർത്തുന്നതിലേക്കായി ഒരു ഫാമിലി ഷോർട്ട് സ്റ്റേ ഹോം സ്ഥാപിക്കുന്നതിനുള്ള കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

## ബി. വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പാക്കി വരുന്ന പദ്ധതികൾ

### 1. ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ തുടങ്ങിയ ആധുനിക ഉപകരണങ്ങളുടെയും പ്രത്യേക ആവശ്യങ്ങൾക്കുള്ള മറ്റ് സഹായ ഉപകരണങ്ങളുടെയും സൗജന്യ വിതരണം

ഈ പദ്ധതിയനുസരിച്ച് 1,00,000/- രൂപയിൽ താഴെ പ്രതിവർഷ വരുമാനമുള്ള ഭിന്നശേഷിക്കാർക്ക് മൂന്ന് വർഷത്തിലൊരിക്കൽ സഹായോപകരണങ്ങൾ സൗജന്യമായി അനുവദിക്കുന്നു. ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ് വെയറോട്ടു കൂടിയ ലാപ് ടോപ്, വീൽചെയർ, മൂന്നുവിൽ സൈക്കിൾ, ആർട്ടിഫിഷ്യൽ ലിംബുകൾ, കാലിപ്പർ, ശ്രവണ സഹായി, ഡി.വി.ഡി,പ്ളെയറുകൾ, കുടലിൽ ക്യാൻസർ ബാധിച്ചവർക്കുള്ള കൊളോസ്റ്റമി ബാഗുകൾ, വൈറ്റ് കെയിൻ, കുട്ടികൾക്കുള്ള സി.പി.ചെയറുകൾ തുടങ്ങി നൂറോളം ഉപകരണങ്ങൾ കോർപ്പറേഷനിൽ നിന്നും സൗജന്യമായി നൽകി വരുന്നു. ഗവൺമെന്റ് ഡോക്ടർമാരുടെ ശുപാർശയോട്ടു കൂടിയ നിശ്ചിത അപേക്ഷാഫോറത്തോടൊപ്പം രണ്ട് പാസ്സ്പോർട്ട് സൈസ് ഫോട്ടോയും റേഷൻ കാർഡ് 1, 2 പേജുകൾ, ഭിന്നശേഷിത്വം തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കേണ്ടതാണ്.

നിബന്ധനകൾ

- കേരളത്തിൽ സ്ഥിര താമസക്കാരനായിരിക്കണം.
- 40% -മോ അതിന് മുകളിലോ ഭിന്നശേഷിത്വം ഉണ്ടായിരിക്കണം
- വാർഷിക വരുമാനം 1,00,000/- രൂപ വരെ (വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ്)
- സഹായോപകരണങ്ങൾ മൂന്ന് വർഷത്തിലൊരിക്കൽ മാത്രം. (12 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് വർഷത്തിലൊരിക്കൽ)

## 2. <u>ട്രൈസ്കൂട്ടർ വിതരണം.</u>

താഴെ പറയുന്ന നിബന്ധനകൾക്കു വിധേയമായി സൈഡ് വിൽ ഘടിപ്പിച്ച മോട്ടോറൈസ്ഡ് സ്കൂട്ടർ ഗണഭോക്താക്കൾക്ക് നൽകുന്നതാണ്.

<u>നിബന്ധനകൾ</u>

- 18 വയസ്സിന് മുകളിൽ പ്രായം.
- 40-ഉം അതിന് മുകളിലും ശതമാനമുള്ള ലോക്കോമോട്ടോർ ഡിസബിലിറ്റി,
- ഒരു ലക്ഷത്തിൽ കുറഞ്ഞ വാർഷിക വരുമാനം
- സർക്കാർ ഉദ്യോഗം ഇല്ലാതിരിക്കുക എന്നിവ അടിസ്ഥാന യോഗ്യത (Eligility criteria) ആയിരിക്കും
- ലോക്കോമോട്ടോർ ഡിസബിലിറ്റി വിഭാഗത്തിൽ ചലന പരിമിതി നേരിടുന്നവരുടെ ചലന സ്വാതന്ത്ര്യം ഉറപ്പ് വരുത്താൻ മാത്രമാണ് ഈ പദ്ധതി. മറ്റ് ഒരു ഭിന്നശേഷിക്കാരേയും ഈ പദ്ധതിയിൽ പരിഗണിക്കുന്നതല്ല.
- അർഹരായ വനിതകൾക്കും, എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവർക്കും ഏറ്റവും പ്രഥമ പരിഗണന

## 3. <u>മോട്ടോറൈസ്ഡ് മുച്ചക്രവാഹനങ്ങൾക്കുള്ള സബ്സിഡി</u>

ഭിന്നശേഷിത്വമുള്ള വിദ്യാർത്ഥികൾക്കും സ്വയം തൊഴിൽ ചെയ്യുന്നവർക്കും സ്കൂട്ടർ വാങ്ങി സൈഡ് വീൽ ഘടിപ്പിക്കുന്നതിനായി 15,000/- രൂപ വരെ സബ്സിഡിയായി നൽകുന്നു. (ബിൽ തുക മാക്സിമം 15,000/- രൂപ) നിശ്ചിത അപേക്ഷാഫാറത്തോടൊപ്പം സ്കൂട്ടർ വാങ്ങി സൈഡ് വീൽ ഫിറ്റ് ചെയ്ത ബിൽ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് 40% വും അതിൽ കൂടുതലോ ഭിന്നശേഷിത്വമുണ്ടെന്നുള്ള മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ 12 പേജുകളുടെ കോപ്പി, വാഹനം ഇൻഷ്വർ ചെയ്ത സർട്ടിഫിക്കറ്റിന്റെ കോപ്പി, വാഹനത്തിന്റെ നമ്പർ കാണത്തക്കവിധം അപേക്ഷകൻ ഇരുന്നെടുത്ത ഫോട്ടോ, ലൈസൻസ്/ലേണേഴ്സ് ലൈസൻസ്, വില്ലേജാഫീസർ നൽകുന്ന വരുമാന സർട്ടിക്കിഫിക്കറ്റ് എന്നിവ സമർപ്പിക്കേണ്ടതാണ്.

## 4. <u>സ്വയം തൊഴിൽ പദ്ധതി ബാങ്ക് വായ്പ സിഡി)</u>

സ്വയം തൊഴിൽ പദ്ധതിയിൻ കീഴിൽ വിവിധ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിമുള്ളവർക്ക് കോർപ്പറേഷൻ സംസ്ഥാനത്തെ വിവിധ വാണിജ്യ ബാങ്കുകളിലൂടെ വായ്പ ലഭ്യമാക്കി വരുന്നു. ഈ പദ്ധതിക്ക് കോർപ്പറേഷൻ സബ്സിഡി നൽകുന്നതാണ്. ലോൺ തുക 20,000/- രൂപവരെ

ലോൺ തുകയുടെ 50% (പരമാവധി 5000/- രൂപ) സബ്സിഡിയായും ലോൺ തുക 20,001/- മുതൽ 50,000/- രൂപവരെ ലോൺ തുകയുടെ 30% സബ്സിഡിയായും ലോൺ തുക 50,001 മുതൽ 1,00,000/- രൂപവരെ ലോൺ തുകയുടെ 25% (മിനിമം 15,000/- രൂപ) സബ്സിഡിയായും, ലോൺ തുക ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ ലോൺ തുകയുടെ 20% (മാക്സിമം ഒരു ലക്ഷം രൂപ വരെ) സബ്സിഡിയായും നൽകുന്നു. ഇതിലേയ്ക്കായി കോർപ്പറേഷൻ, അപേക്ഷകനാവശ്യപ്പെടുന്ന സർവ്വീസ് ഏരിയാ ബാങ്കിലേയ്ക്ക് അപേക്ഷകൾ ശുപാർശ ചെയ്യുന്നു. പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷാ ഫോറത്തോടൊപ്പം 40% മുകളിൽ സർട്ടിഫിക്കറ്റിന്റെ കോപ്പി, റേഷൻ കാർഡിന്റെ 1, 2 പേജുകളുടെ ഫോട്ടോ കോപ്പി, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്.

## 5. സ്വയം സഹായ സംഘങ്ങളുടെ പരിപോഷണം.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭിന്നശേഷിക്കാരാൽ പ്രവർത്തിപ്പിക്കപ്പെടുന്ന മൈക്രോ പ്രോജക്ടുകൾക്കായി അവരുടെ സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കാനും സംഘങ്ങൾക്ക് അനുയോജ്യമായ പദ്ധതികൾ തെരഞ്ഞെടുക്കുവാനും അതാരംഭിക്കാനുമുള്ള 20,000/- രൂപ ധനസഹായം കോർപ്പറേഷൻ നല്കിവരുന്നു. സംഘത്തിൽ കുറഞ്ഞത് 5 ദിന്നശേഷിക്കാരായ അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം. തദ്ദേശ സ്ഥാപനങ്ങൾ/കുടുംബശ്രീകൾ മുഖേന രജിസ്റ്റർ ചെയ്തതായിരിക്കണം.

## 6. ഭിന്നശേഷിക്കാരായ ലോട്ടറി ഏജന്റുമാർക്കുള്ള സാമ്പത്തിക സഹായം(സബ്സിഡി)

ഭിന്നശേഷിക്കാരായ ലോട്ടറി ഏജന്റുമാർക്ക് വേണ്ടി കോർപ്പറേഷൻ ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഈ പദ്ധതിക്ക് കീഴിൽ, പുതിയതായി ലോട്ടറി വിൽപ്പന തുടങ്ങുന്നവർക്ക് ധനസഹായമായി 5000/- രൂപ അനുവദിക്കുന്നതാണ്.

നിബന്ധനകൾ

- 18 വയസ്സിന് മുകളിൽ പ്രായം
- 40-ഉം അതിന് മുകളിലും ശതമാനമുള്ള ഭിന്നശേഷിത്വം
- ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനം
- ലോട്ടറി വകുപ്പിൽ നിന്നുള്ള ഏജൻസി ലൈസൻസും, പുതിയ ഏജന്റ് സർട്ടിഫിക്കറ്റ്
- പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്.

## 7. സ്വയം തൊഴിലിന് വായ്പ ലഭിക്കുന്നതിന് ഈട് നൽകാൻ കഴിവില്ലാത്തവർക്ക് സ്വയം തൊഴിലിന് സാമ്പത്തിക സഹായം.

സ്വയം തൊഴിലിന് വായ്പ ലഭിക്കുന്നതിന് ഈട് നൽകാൻ കഴിവില്ലാത്ത ഭിന്നശേഷിയുള്ളവർക്ക് സാമ്പത്തിക സഹായം 25000/- രൂപ നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നു.

മാനദണ്ഡങ്ങൾ

- കേരളത്തിൽ സ്ഥിര താമസക്കാരനായിരിക്കണം.
- 40% മോ അതിന് മുകളിലോ ഭിന്നശേഷിത്വം ഉണ്ടായിരിക്കണം.
- വാർഷിക വരുമാനം 1,00,000/-രൂപ വരെ (വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ്)
- ഗുരുതരമായ ഭിന്നശേഷിത്വമുള്ളവർ, വിധവകൾ, ഗുരുതരമായ അസുഖം ബാധിച്ച വൃദ്ധർ, 14 വയസ്സിന് താഴെ മാനസിക വൈകല്യമുള്ള കുട്ടികളുടെ രക്ഷകർത്താക്കൾ എന്നിവർക്ക് മുൻഗണന.
- റവന്യൂ വകുപ്പിൽ നിന്നും ഈട് നൽകാൻ കഴിയില്ല എന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം

## 8. എൻ.എച്ച്.എഫ്.ഡി.സി വായ്പ

നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ വായ്പ പദ്ധതി നടപ്പിലാക്കുന്ന കേരളത്തിലെ സ്റ്റേറ്റ് ചാനലിംഗ് ഏജൻസിയാണ് ഈ കോർപ്പറേഷൻ. സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി (എസ്.സി.എ) എന്ന നിലയിൽ. 2000 മുതൽ നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ പദ്ധതി പ്രകാരമുള്ള സ്വയംതൊഴിൽ, വിദ്യാഭ്യാസ വാഹന വായ്പകൾ കോർപ്പറേഷൻ വിതരണം ചെയ്തു വരുന്നു. 50,000/- രൂപയ്ക്കു മുകളിൽ അനുവദിക്കുന്ന വായ്പയുടെ 5 ശതമാനം എസ്.സി.എ. ഷെയർ എന്ന നിലക്ക് കോർപ്പറേഷൻ നൽകുന്നു.

| തുക | പലിശ |
|---|---|
| 50000/- രൂപ വരെ | 5% |
| 50,000- 5,00,000/- രൂപ വരെ | 6% |
| 5,00,000-15,00,000/- രൂപ വരെ | 7% |

15,00,000 – 25,00,000/- രൂപ വരെ 8%

(50000 രൂപവരെയുള്ള വായ്പക്ക് സ്ത്രീകൾക്കും, കാഴ്ച, കേൾവി പരിമിതർക്കും, ബുദ്ധി വെല്ലുവിളി നേരിടുന്നവർക്കും 1% പലിശയിളവ്)

## 9. ഭിന്നശേഷിക്കാരായവർക്ക് പ്രൊഫിഷ്യൻസി അവാർഡ്

40 ശതമാനമോ അതിന് മുകളിലോ ഭിന്നശേഷിത്വമുള്ളവരും വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കൂടാത്തവരുമായ ഭിന്നശേഷിക്കാർക്ക് എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ ബി ഗ്രേഡോ അതിന് മുകളിലോ മാർക്ക് വാങ്ങി പാസായ വിദ്യാർത്ഥികൾക്ക് 5000/- രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നു. (ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന വിഭാഗത്തിന് മാർക്ക് നിബന്ധനയില്ല).

## 10 ഗുരുതരമായ ഭിന്നശേഷിത്വമുള്ള കുട്ടികൾക്ക് വേണ്ടി സ്ഥിര നിക്ഷേപ പദ്ധതി

ഗുരുതര ഭിന്നശേഷിയുള്ള കുട്ടികളുടെ പേരിൽ 20000/- രൂപ നിക്ഷേപിക്കുന്നു. ഈ പദ്ധതിയുടെ പ്രധാനഘടകങ്ങൾ ഇവയാണ്.

യോഗ്യത:

1. 50 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിത്വമുള്ളവർ.
2. പ്രതിവർഷ കുടുംബ വരുമാനം 1,00,000 രൂപ വരെ
3. പ്രായ പരിധി : നവജാതശിശു മുതൽ 12 വയസ് വരെ

സി ട്രസ്റ്റി : കോർപ്പറേഷൻ

ഡി) ഫണ്ട് റിലീസ് : 18 വയസിന് ശേഷമോ, അത്യാവശ്യ ഘട്ടങ്ങളിലോ

## 11. സ്റ്റേറ്റ് റിസോഴ്സ് സെന്റർ.

കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന് നിലവിൽ ഹെഡ് ആഫീസ്, 2 റീജ്യണൽ ആഫീസ് എന്നിവയാണ് ഉള്ളത്. കേരളത്തിലെ പല ഭാഗങ്ങളിൽ നിന്നും ഭിന്നശേഷിക്കാർക്ക് വിവിധ ആവശ്യങ്ങൾക്കായി ഈ ആഫീസുകളിൽ എത്തിച്ചേരാൻ ഏറെ പ്രയാസമാണ്. അതിലുപരി 14 ജില്ലകളിലായി നടപ്പിലാക്കി വരുന്ന വിവിധ പ്രവർത്തനങ്ങൾ/ പദ്ധതികൾ ഏകീകരിച്ച് മുന്നോട്ട് പോകുവാൻ കോർപ്പറേഷന്റെ നിലവിലെ സംവിധാനവും അപര്യാപ്തവുമാണ്. ഭിന്നശേഷിക്കാരിലേയ്ക്ക് കോർപ്പറേഷന്റെ സേവനങ്ങൾ എത്തിക്കുന്നതിന് താഴെത്തട്ടിലുള്ള ഫീൽഡ് തല ഇടപെടൽ അനിവാര്യമാണ്. മേൽ സാഹചര്യത്തിൽ 2022-23 plan write up ഉൾപ്പെടുത്തിയിട്ടുള്ള State Resouce Centre എന്ന component സംബന്ധിച്ച പദ്ധതി, മാർഗ്ഗ രേഖ തയ്യാറാക്കി സർക്കാർ അംഗീകാരം ലഭ്യമാക്കി 2022 – 2023 സാമ്പത്തിക

വർഷം മുതൽ നടപ്പിലാക്കുന്നതാണ്. കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്.

## State Resource Centre ന്റെ പ്രവർത്തനങ്ങൾ

1. NHFDC-Loan Management-Verification Monitoring-Evaluation-Skill Training
2. SHGS-Formation and Monitoring of SHGS of Person with Disablilties
3. MRST Unit Skill Training and Monitoring
4. Programme Coordination and Arrangements
5. Distribution Assistive Devices and Monitoring
6. E-procurement
7. Impact study and research
8. Project and Proposal Planning and Prepration
9. Demonstration of Training of Assistive technology and devices
10. Evaluation and Monitoring of projects and Schems
11. Mass Awareness and Advocacy through Govt. Empaneled Agencies.

## State Resource Centre Monitoring Body

State Resource Centre monitoring നടത്തുന്നതിലേക്കായി ചുവടെ നൽകിയിരിക്കുന്ന പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു Monitoring Body രൂപീകരിക്കേണ്ടതാണ്.

1. Managing Director Kerala state Handicaped Welfare Corporation
2. Representative of Social Justice Department
3. Disability Experts (Medical Professional)
4. Representatives of Industries Department-Labour and Skills

## 12. പാറശ്ശാലയിലെ (സാഫല്യം) പരിചരണ കേന്ദ്രം

50 വയസ്സിന് മുകളിൽ പ്രായമുള്ള കിടപ്പ് രോഗികളല്ലാത്ത ഭിന്നശേഷിക്കാരായ വയോജനങ്ങളെ താമസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും ആധുനിക സജ്ജീകരണങ്ങളോട്ടുകൂടിയ സാഫല്യം) എന്ന പേരിൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്തും വികലാംഗക്ഷേമ കോർപ്പറേഷനും, സ്നേഹം പാലിയേറ്റീവ് കെയറും സംയുക്തമായി പാറശ്ശാലയിൽ നടത്തി വരുന്നു. ഇവിടെ സ്ത്രീകളും, പുരുഷന്മാരായി 40 പേരെ സംരക്ഷിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.